
പടവുകൾ

# ലിറ്റിൽ കൈറ്റ്സ്- 2019 – 2021

## ഡിജിറ്റൽ മാഗസിൻ

## ജി. എച്ച്. എസ്. പനയപ്പിള്ളി

# ഉള്ളടക്കം

*എന്റെ മഴ

*ഒരു ദാരുണമരണം

* പ്രധാനന്റെട്ട7പ്ലേ റ്റുകൾ

**പൂക്കളൊളെക്കയും വാക്കു ◌ാകുമ്പ!◌ാൾ**

മഹത് വചനങ്ങൾ

#പ്ലേ#◌ാകത്തി(പധാന പർവതങ്ങൾ

<u>കാതര</u>

വിളിപ്ലേരുകൾ

- പ്ലേകരളത്തിന്റെ# വാപ്ലേദ*◌ാപകരണങ്ങൾ

മുത്തശ്ശി

ഇടുപിടി

മ#യാള ന്റെചറുകഥ

കുരുമുളക്

ഒരുമിച്ച് മുപ്ലേ4റാംനാപ്ലേന്റെളയിപ്ലേ#ക്ക്

# എന്റെ മഴ

ഇരുണ്ട യാമങ്ങളിൽ
നീ
ഭീതി വർഷിക്കുന്നു

നിന്റെയിരമ്പമസഹ്യം
ഓരോ മണിമുത്തും
ധന്യം

പകൽ
മാനത്ത്
മഴവില്ലുതീർക്കുന്നതും നീ
പീലികൾ
ഒന്നാകെ വിടർത്തി

സന്ധ്യയ്ക്കു ചിറകൊതുക്കി
മെല്ലെ നീ മറയുന്നത്
സങ്കടേത്തോടെ
നോക്കിനിൽക്കവേ
മിന്നൽപ്പിണറയച്ച്
എന്നെനീ
നടുക്കുന്നു
മ നസ്സുനീറുമ്പോൽ
കുളിർകാറ്റായ്
തഴുകുന്നു
എന്റെ പരിദവം
മായ്ക്കുന്നു
നിന്റെ കൊഞ്ചലുകൾ
എന്നെ ആഹ്ലാദിപ്പിക്കുന്നു

അക്ഷയ്

# ഒരു ദാരുണമരണം

ഒരു ഉറുമ്പ്

അന്തരിച്ചു!

സ്നേഹത്തിന്റെ ഭാഷ മാത്ര-

മറിയുന്ന അതിന്

റീത്തുവെയ്ക്കാൻ

ഒരു മന്ത്രിയും വന്നില്ല

ഒരു ചാനലും

റിപ്പോർട്ടുചെയ്തില്ല

തലയ്ക്കലിരുന്നു കരയാൻ

ഭാര്യയയോ മക്കളോ

ഉണ്ടായില്ല

ഒരു പോസ്റ്റ്മോർട്ടം റിപ്പോർട്ടിലും
പ്രതി
ഞാനെന്ന് തെളിയില്ല
അതിവിദഗ് ദ്ധമായി
ഞാനതിനെ

കൊന്നു
ഒന്നുകരയാൻപോലുമാവാതെ
എന്റെ ചൂലിനടിയിൽ
ശ്വാസംമുട്ടി
പിടഞ്ഞുപിടഞ്ഞ്

അസ്തമിച്ചു

അങ്ങനെ

ഇക്കൊല്ലത്തെ

ശുചീകരണവാരം

അവിസ്മരണീയമായി

അമൽ

# പ്രധാനപ്പെട്ട 7 പ്ലേറ്റുകൾ

അന്റാർട്ടിക് പ്ലേറ്റ്

യുറേഷ്യൻ പ്ലേറ്റ്

വടക്കേ അമേരിക്കൻ പ്ലേറ്റ്

തെക്കേ അമേരിക്ക പ്ലേറ്റ്

ഇന്ത്യ-ഓസ്ട്രേലിയ പ്ലേറ്റ്

പസിഫിക് പ്ലേറ്റ്

ആഫ്രിക്കൻ പ്ലേറ്റ്

# പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു പെട്ടന്നവൾ നടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു:
നിങ്ങളെൻ ലേകത്തെ എന്തു ചയ്തു

# മഹത് വചനങ്ങൾ

● ചൊട്ട മുതൽ ചുടലവരെ അറിവ് നേടുക.

ഉത്തരം : മുഹമ്മദ് നബി.

● ജീവിതത്തിലെ മനോഹര വസ്തുക്കൾ വെറും നിഴലുകളാണ്.അവ മാറുകയും മറയുകയും പോവുകയും ചെയ്യുന്നു

ഉത്തരം : ചാൾസ് ഡിക്കൻസ്.

● അവകാശം ചുമതലകളുമായി ബന്ധപ്പെട്ടിരിക്കുന്നു,

ഉത്തരം : മഹാത്മഗാന്ധി.

- അനീതി കാട്ടുന്നവൻ അതിന്  ഇരയാകുന്നവനേക്കാൾ

ഗതികെട്ടവനായിതീരും.,

ഉത്തരം :  പ്ളെറ്റൊ.

- കോപിഷ്ഠനായ ഒരുവൻ നിങ്ങളോട് പറയുന്നത് ഒരിക്കലും മറക്കരുത്

ഉത്തരം :  എക്സ്.ഡബ്ള്യ.

- ദുരിതവും മനുഷ്യനും ജനനം മുതൽ ഇരട്ടകളാണ്.

ഉത്തരം: ഹോമർ.

- ഇന്നലെ എന്തായിരുന്നുവെന്ന് ഇന്നു ചിന്തിക്കുക.

ഉത്തരം: ഒമർ ഖയ്യാം.

- ആനന്ദമെന്നത് വേദനയിൽ ഇടവേള മാത്രമാണ്.

ഉത്തരം: ജോണ്

# കാതര

വിരഹിണിയാം
ഓമലാളിൻ ദുഃഖം
നിലാവിൽ
അലയായൊഴുകുന്നു
നിലാപ്പൊൻപ്രഭയോ
സാന്ത്വനസംഗീതമായ്
അവളിലുണരുന്നു!

പ്രിയനെ തിരയവേ
പ്രണയദാഹത്താൽ വലയവേ
മിഴിയിണകോണിൽ നീ-
യൊളിപ്പിച്ച പരിഭവ-
ക്കണ്ണീരു കാണുന്നു ഞങ്ങൾ.

# വിളിപ്പേരുകൾ

കേരള പാണിനി -എ.ആർ.രാജരാജവർമ

കേരള വ്യാസൻ -കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

കേരള വാല്മീകി -വള്ളത്തോൾ നാരായണമേനോൻ

കേരള കാളിദാസൻ -കേരളവർമ വലിയ കോയിത്തമ്പുരാൻ

കേരള തുളസീദാസൻ -വെണ്ണിക്കുളം ഗോപാല കുറുപ്പ്

കേരള ഓർഫ്യൂസ് -ചങ്ങമ്പുഴ കൃഷ്ണ്പിള്ള

കേരള സൂർദാസ് -പൂന്താനം

കേരള ഇബ്സൻ -എൻ.കൃഷ്ണപിള്ള

കേരള മോപ്പസാങ് -തകഴി ശിവശങ്കരപിള്ള

കേരള ഹോമർ -അയ്യിപ്പിള്ള ആശാൻ

കേരള സ്കോട്ട് -സി.വി.രാമൻപിള്ള

safan

# കേരളത്തിലെ വാദ്യോപകരണങ്ങൾ

ചെണ്ട

തബല

തിമില

മദ്ദളം

ഇടയക്ക

കൊമ്പ്

വീണ

# മുത്തശ്ശി

എനിക്ക് ഉണ്ട് ഒരു മുത്തശ്ശി
കഥകൾ പറയും മുത്തശ്ശി
എന്നെ നോക്കും മുത്തശ്ശി
പക്ഷേ ഇപ്പോ വൃദ്ധസദനത്തിലാണ്
മുത്തശ്ശി

വീമൽ

# ഇടുപിടി

അർധഗോളാകൃതിയിലുള്ള ചെറിയൊ

രുതുകൽവാദ്യമാണ് ഇടുപിടി.

ഇതിന്റെ ഒരു വശത്തുമാത്രമേ  കൊട്ടാനാകൂ.

കിടുപിടി എന്ന പേരിലും ഈ വാദ്യം

അറിയപ്പെടുന്നു. തടികൊണ്ടാണ് ഇടുപിടിക്കുള്ള

കുറ്റി നിർമിക്കുന്നത് കുറ്റിയുടെ വായ തുകൽ

ഉപയോഗിച്ച് മൂടുന്നു. തുകൽവാറുകൊണ്ടുതന്നെ

യാണ് ഇത് കെട്ടിമുറുക്കുക. ചിലക്ഷേത്രങ്ങളിൽ

നാഗസ്വരവായനയ്ക്കൊപ്പം ഇടുപിടി ഉപയോഗിച്ചിരിക്കുന്നു

*by vismaya*

## മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേര് വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്ത് കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പൊതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

### ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഉ. വൈ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്

ഫർവീസ്

# കുരുമുളക്

ഇന്ത്യയിലേക്ക്ആകർഷിച്ച ഏറ്റവും
പ്രധാനസുഗന്ധദ്രവ്യമായിരുന്നുകുരുമുളക് .
കുരുമുളകിനെവിദേശികൾ സുഗന്ധദ്രവ്യങ്ങ
ളുടെ രാജാവ് '[king of spices] എന്ന്
വിളിച്ചത്.അന്നൊക്കെ സ്വർണത്തോളം
വിലകുരുമുളകിന്ഉണ്ടയിരുന്നതുകൊണ്ടണ്ട
കറുത്ത പൊന്ന് എന്ന പേര് കിട്ടിയത്.

# ഒരുമിച്ചു മുന്നോറാം ഗ്ഗനാളെയി ലേക്ക്

ഇന്റർനെറ്റും  മൊബൈല് ഫോണും
സമൂഹമാധ്യമങ്ങളുമെല്ലാം
വറ്ത്തമാനകാല സമൂഹത്തിന്
ഒഴിച്ചുകുടാനാകാത്തവയാണ്

# നന്ദി